**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2347**

**06/10/2016 ൽ**
**മറുപടിയ്ക്ക്**

## കശുവണ്ടി വികസന കോർപ്പറേഷന്റെയുംകാപക്സിന്റെയും അധീനതയിലുള്ള ഫാക്ടറികൾ

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ.അനിൽ അക്കര**
**ശ്രീ.എൽദോസ് കുന്നപ്പിള്ളി**
**ശ്രീ.പി.ടി.തോമസ്**

**ഉത്തരം**

**മേഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും അധീനതയിലുള്ള പൂട്ടിയിട്ടിരുന്ന ഫാക്ടറികൾ എന്നാണ് തുറന്ന് പ്രവർത്തിച്ചത് ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികൾ 17/8/2016 മുതലും കാപെക്സിന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ 22/08/2016 മുതലും തുറന്ന് പ്രവർത്തനം പുനരാരംഭിച്ചു. |
| (ബി) | തോട്ടണ്ടി ഇറക്കുമതി സംബന്ധിച്ച് ഏതെങ്കിലും പുതിയ കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (ബി) | ഇറക്കുമതി ചെയ്യുന്നതിനായി കരാർ ഒപ്പ് വച്ചിട്ടില്ല. എന്നാൽ ഗവൺമെന്റ് അനുവാദത്തോടെ ഇറക്കുമതി ചെയ്ത തോട്ടണ്ടി ടെൻഡർ വിളിച്ച് ലോക്കൽ പർച്ചേസായി വാങ്ങിയാണ് ഉല്പാദനം പുനരാരംഭിച്ചത്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ഒരു മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തത് എന്തു തുകയ്ക്കായിരുന്നു ;പുതിയ കരാർ പ്രകാരം ഒരു മെട്രിക് ടൺ തോട്ടണ്ടി എന്തു തുകയ്ക്കാണ് ഇറക്കുമതി ചെയ്യുന്നത്? | (സി) | കിലോഗ്രാമിന് 111 രൂപയും Tax ഉൾപ്പെടുത്തിയിട്ടുള്ള വിലയ്ക്ക് 1000 MT കശുവണ്ടി ആണ് കോർപ്പറേഷൻ മുൻ സർക്കാരിന്റെ കാലത്ത് അവസാനമായി വാങ്ങിയത്. ഇപ്പോൾ കിലോഗ്രാമിന് 142 രൂപ 25 പൈസയും ടാക്സും (9.36% ഇംപോർട്ട് ഡ്യൂട്ടിയും) ഉൾപ്പെടെയാണ് ലോക്കൽ പർച്ചേസ് നടത്തിയത്. |

| | | |
|---|---|---|
| | | കാപെക്സിൽ മുൻ സർക്കാരിന്റെ കാലത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടി വാങ്ങിയിട്ടില്ല. എന്നാൽ ഇറക്കുമതി ചെയ്തത് ടണ്ണിന് USD.1435 ന് ആണ്. ഇപ്പോൾ ഏകദേശം USD. 1567 നാണ് IVC ഒർജിൻ തോട്ടണ്ടി വാങ്ങിയത്. |

സെക്ഷൻ ഓഫീസർ